# മധുരമായ കുട്ടികളേ - ദേഹസഹിതം ഇതെല്ലാം തന്നെ നശിക്കേണ്ടതാണ്, അതുകൊണ്ട് നിങ്ങൾക്ക് പഴയലോകത്തെ വാർത്തകൾ കേൾക്കേണ്ടതായ ആവ ശ്യമില്ല, നിങ്ങൾ ബാബയെയും സമ്പത്തിനെയും ഓർമ്മിക്കൂ.

**ചോദ്യം:**– ശ്രീമതത്തെക്കുറിച്ചുള്ള മഹിമ എന്താണ്, ശ്രീമതത്തിനനുസരിച്ച് ജീവിക്കുന്നവരുടെ അടയാ ളങ്ങൾ കേൾപ്പിക്കൂ?

**ഉത്തരം:**– ശ്രീമതത്തിന്റെ മഹിമയാണ് – എന്ത് കഴിപ്പിക്കുന്നുവോ, ധരിപ്പിക്കുന്നുവോ, എവിടെ ഇരുത്തു ന്നുവോ...... അതുതന്നെ ചെയ്യും. ശ്രീമതമനുസരിച്ച് ജീവിക്കുന്ന കുട്ടികൾ ബാബയുടെ ഓരോ ആജ്ഞയും പാലിക്കുന്നു. അവരിൽ നിന്നും സദാ ശ്രേഷ്ഠ കർമ്മം മാത്രം ഉണ്ടാവുന്നു. അവർ ഒരിക്കലും ശ്രീമ തത്തിൽ തന്റെ മന്മത്ത് കലർത്തില്ല. അവരിൽ തെറ്റിന്റെയും ശരിയുടെയും വിവേകമുണ്ടായിരിക്കും.

**ഗീതം:**– ഓ മുരളീധരാ നിൻ നാമം എന്നാശ്രയം......

**ഓം ശാന്തി**. ഈ ഗീതം ആരുടേതാണ്? കുട്ടികളുടെ. ചില ഗീതം ഇങ്ങനെയുമുണ്ടാവും അതിൽ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നതായി, പക്ഷേ ഇതിൽ കുട്ടികൾ ബാബയോട് പറയുന്നു – ബാബാ, ഇപ്പോൾ ഞങ്ങൾക്ക് മനസ്സിലായി, ലോകത്തിലുള്ളവർക്ക് അറിയില്ല, ഇത് എത്ര അസത്യമായ ലോകമാ ണെന്ന്, അസത്യമായ ബന്ധനമാണെന്ന്! ഇവിടെ എല്ലാവരും ദുഖികളാണ് അതുകൊണ്ടാണ് ഈശ്വരനെ ഓർമ്മിക്കുന്നത്. സത്യയുഗത്തിൽ ഈശ്വരനുമായുള്ള മിലനത്തിന്റെ ആവശ്യകതയില്ല. ഇവിടെ ദുഃഖമായ തുകൊണ്ടാണ് ആത്മാക്കൾക്ക് ഓർമ്മിക്കേണ്ടതായിവരുന്നത്, പക്ഷേ ഡ്രാമ അനുസരിച്ച് ബാബ സ്വയം വരുമ്പോഴാണ്, കൂടിക്കാഴ്ച നടക്കുന്നത്. ബാക്കി എന്തെല്ലാം തന്നെ പുരുഷാർത്ഥം ചെയ്യുന്നുവോ എല്ലാം വ്യർത്ഥമാണ്. കാരണം ഈശ്വരനെ സർവ്വവ്യാപിയെന്നാണ് കരുതുന്നത്. ഈശ്വരനിലേക്കുള്ള വഴി തെറ്റാ യാണ് പറയപ്പെടുന്നത്. അഥവാ ഈശ്വരനെയും ഈശ്വരന്റെ രചനയുടെയും ആദി മദ്ധ്യ അന്ത്യത്തെക്കു റിച്ച് ഞങ്ങൾക്ക് അറിയില്ല എന്ന് പറയുകയാണെങ്കിൽ അത് സത്യമാണ്. ആദ്യം ഋഷിമുനിമാരെല്ലാം തന്നെ സത്യം പറഞ്ഞിരുന്നു, ആ സമയം രജോഗുണിയായിരുന്നു. ആ സമയം അസത്യലോകമെന്നു പറ യില്ല. അസത്യ ലോകം നരകമാണ്, കലിയുഗ അന്ത്യത്തെയാണ് പറയുന്നത്. സംഗമയുഗത്തിൽ പറയാം ഇത് നരകമാണ്, അത് സ്വർഗ്ഗമാണെന്ന്. അല്ലാതെ ദ്വാപരയുഗത്തെ നരകമെന്ന് പറയില്ല. ആസമയത്ത് പിന്നെയും രജോപ്രധാനബുദ്ധിയാണ്. ഇപ്പോഴാണ് തമോപ്രധാനം. അപ്പോൾ സ്വർഗ്ഗം, നരകമെന്നുള്ളത് സംഗമത്തിലാണ് പറയുക. ഇതും ബാബയാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. ലോകത്തിലുള്ളവർക്ക് ഇത് കലിയുഗ അന്ത്യമാണെന്ന് അറിയില്ല. എല്ലാവരും തന്റേതായ കർമ്മകണക്കുകൾ ഇല്ലാതാക്കി അന്തി മത്തിൽ സതോപ്രധാനമായിത്തീരും. പിന്നീട് സതോ രജോ തമോവിലേക്ക് വരണം. അവർക്ക് വളരെ കുറച്ച് പാർട്ടേയുള്ളൂ. ഇതിൽ വളരെയധികം വിവേകം ആവശ്യമാണ്. ലോകത്തിൽ അനേക അഭിപ്രാ യമുള്ള മനുഷ്യരാണുള്ളത്. എല്ലാവർക്കും ഒരേ അഭിപ്രായം ഉണ്ടാവില്ല. ഓരോരുത്തർക്കും അവരവരു ടേതായ ധർമ്മമാണ്. മതവും(അഭിപ്രായം) അവരവരുടേതാണ്. ബാബയുടെ കർത്തവ്യവും വേറെയാണ്. ഓരോരോ ആത്മാക്കളുടേതും വേറെയാണ്, ധർമ്മവും വേറെയാണ്. അപ്പോൾ അവർക്ക് വേറെ രീതി യിൽ വേണം മനസ്സിലാക്കി കൊടുക്കാൻ. നാമം, രൂപം, ദേശം, കാലം എല്ലാം തന്നെ വേറെയാണ്. ഇവർ ഇന്ന ധർമ്മത്തിലുള്ളതാണെന്ന് മനസ്സിലാക്കുന്നുണ്ട്. എല്ലാവരും ഹിന്ദു ധർമ്മത്തിലുള്ളവരാണെന്ന് പറ യുന്നുണ്ടെങ്കിലും എല്ലാവരും വ്യത്യസ്തമാണ്. ചിലർ ആര്യസമാജക്കാരാണ്, ചിലർ സന്യാസിമാരാണ്, ചിലർ ബ്രഹ്മസമാജക്കാരാണ്. സന്യാസിമാരെയെല്ലാം തന്നെ ഹിന്ദു ധർമ്മത്തിലുള്ളവരാണെന്ന് അംഗീക രിക്കുന്നുണ്ട്. നമ്മൾ ബ്രാഹ്മണധർമ്മത്തിലുള്ളവരാണ് അഥവാ ദേവതാധർമ്മത്തിലുള്ളവരാണ് എന്ന് അംഗീ കരിക്കുന്നുണ്ടെങ്കിലും അവർ ഹിന്ദുധർമ്മത്തിൽ ഉൾപ്പെടുത്തും. കാരണം മറ്റൊരു വിഭാഗത്തെക്കുറിച്ചും അവർക്കറിയറിയില്ല. അപ്പോൾ ഓരോരുത്തരുടെയും ഫോമുകൾ വേറെവേറെയാണെങ്കിൽ മനസ്സിലാ ക്കാൻ സാധിക്കും. മറ്റുള്ളധർമ്മത്തിലുള്ളവർ ഈ കാര്യങ്ങളെ അംഗീകരിക്കില്ല. പിന്നെ അവർക്ക് ഒരു മിച്ച് പറഞ്ഞുകൊടുക്കാൻ ബുദ്ധിമുട്ടായിരിക്കും. അവർ മനസ്സിലാക്കും ഇവർ തന്റെ ധർമ്മത്തിന്റെ മഹിമ പാടുകയാണെന്ന്. ഇതിൽ ദ്വൈതമുണ്ട്. മനസ്സിലാക്കി കൊടുക്കുന്ന കുട്ടികളും നമ്പർവൈസാണ്. എല്ലാ വരും ഒരുപോലെയല്ലല്ലോ അതുകൊണ്ടാണ് മഹാരഥികളെ വിളിപ്പിക്കുന്നത്.

ബാബ മനസ്സിലാക്കിത്തരുന്നു – എന്നെ ഓർമ്മിക്കൂ, എന്റെ ശ്രീമതമനുസരിച്ച് നടക്കൂ. ഇതിൽ പ്രേരണ യുടെ കാര്യമൊന്നുമില്ല. അഥവാ പ്രേരണയിലൂടെ കാര്യങ്ങൾ മുന്നോട്ടുപോവകയാണെങ്കിൽ ബാബയ്ക്ക് വരേണ്ടതായ ആവശ്യമില്ല. ശിവബാബ ഇവിടെയാണുള്ളത്. അപ്പോൾ ബാബയ്ക്ക് പ്രേരണയുടെ ആവ

ശ്യമെന്താണ്. ഇവിടെ ബാബയുടെ നിർദ്ദേശമനുസരിച്ച് ജീവിച്ചാൽ മതി. പ്രേരണയുടെ ആവശ്യമില്ല. പല-പല സന്ദേശികളും സന്ദേശം കൊണ്ടുവരുന്നു. അതിലും വളരെ കലർപ്പുണ്ട്. സന്ദേശികളും എല്ലാവരും ഒരുപോലെയല്ല. മായ ധാരാളം ഇതിൽ ഇടപെടുന്നുണ്ട്. മറ്റുള്ള സന്ദേശിമാരുമായി ചർച്ച ചെയ്യേണ്ടതായുണ്ട്. പലരും പറയുന്നുണ്ട് ഞങ്ങളിൽ ബാബ വരുന്നുണ്ട്, മമ്മ വരുന്നുണ്ടെന്ന്. പിന്നെ തന്റേതായ വേറെ സെന്ററുകൾ തുറന്നിരിക്കും. ഇതെല്ലാം തന്നെ മായയുടെ പ്രവേശതയാണ്. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. കുട്ടികൾക്ക് വളരെയധികം വിവേകശാലിയായിത്തീരണം. ആരാണോ വിവേകശാലികളായ കുട്ടികൾ അവർക്കേ ഈ കാര്യത്തെ മനസ്സിലാക്കാൻ സാധിക്കൂ. ആരാണോ ശ്രീമതത്തിലൂടെ മുന്നോട്ടു പോകാത്തത് അവർക്ക് ഈ കാര്യങ്ങളെ മനസ്സിലാക്കാൻ സാധിക്കില്ല. ശ്രീമതത്തിനെക്കുറിച്ചുള്ള മഹിമയാണ്, അങ്ങ് എന്താണോ കഴിപ്പിക്കുന്നത്, എന്ത് ധരിപ്പിക്കുന്നുവോ, എവിടെയിരുത്തുന്നുവോ അത് ചെയ്യും. ചിലർ ബാബയുടെ മതമനുസരിച്ച് ജീവിക്കും, ചിലർ മറ്റുള്ളവരുടെ മതത്തിന്റെ പ്രഭാവത്തിലേക്ക് വരുന്നു. ചില വസ്തുക്കൾ ലഭിച്ചില്ലെങ്കിൽ, ചില കാര്യങ്ങൾ ഇഷ്ടപ്പെട്ടില്ലെങ്കിൽ പെട്ടെന്നു തന്നെ പിണങ്ങിപ്പോവും. എല്ലാവരും ഒരുപോലെ സത്പുത്രന്മാരായിരിക്കണം എന്നില്ലല്ലോ. ലോകത്തിൽ ധാരാളം മതത്തിലുള്ളവരാണ്. അജാമിളനെപ്പോലുള്ള പാപാത്മാക്കളും ഗണികകളും ധാരാളമുണ്ട്.

ഇതും മനസ്സിലാക്കേണ്ടതായിവരും ഈശ്വരനെ സർവ്വവ്യാപിയെന്നു പറയുക തെറ്റാണെന്ന്. പഞ്ച വികാരങ്ങളാണ് സർവ്വവ്യാപികൾ. അതുകൊണ്ടാണ് ബാബ ഇതിനെ ആസുരീയ ലോകമെന്ന് പറയുന്നത്. സത്യയുഗത്തിൽ പഞ്ച വികാരങ്ങൾ ഉണ്ടാവില്ല. പറയുന്നു ശാസ്ത്രങ്ങളിൽ ഈ കാര്യങ്ങളെക്കുറിച്ച് ഇങ്ങനെയാണെന്ന്. പക്ഷേ ശാസ്ത്രങ്ങളെല്ലാം തന്നെ മനുഷ്യനാണ് ഉണ്ടാക്കിയത്. അപ്പോൾ മനുഷ്യനോ ശാസ്ത്രമോ ആണോ ഉയർന്നത്? തീർച്ചയായും കേൾപ്പിക്കുന്ന ആളല്ലേ ഉയർന്നത്. എഴുതുന്നയാൾ മനുഷ്യനാണ്. വ്യാസനാണ് എഴുതിയത് അതും മനുഷ്യനല്ലേ. ഇത് നിരാകാരനായ ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ധർമ്മസ്ഥാപകരെല്ലാം തന്നെ എന്താണോ മനസ്സിലാക്കിത്തന്നത് അതിന്റെ പിന്നീട് ശാസ്ത്രങ്ങളുണ്ടാക്കും, എങ്ങനെയാണോ ഗുരുനാനാക്ക് പറഞ്ഞത് പിന്നീട് ഗ്രന്ഥമാക്കിയത്. അപ്പോൾ ആര് കേൾപ്പിച്ചുവോ അവരുടെ പേരായി. ഗുരുനാനാക്കും അവരുടെ മഹിമ പാടിയിട്ടുണ്ട്, എല്ലാവരുടെയും അച്ഛൻ ഒന്നാണെന്ന്. ബാബ പറയുന്നു പോയി ധർമ്മം സ്ഥാപിക്കൂ എന്ന്. ഈ പരിധിയില്ലാത്ത അച്ഛൻ പറയുന്നു എന്നെ ഒരാളും തന്നെ അയക്കുന്നില്ല. ശിവബാബ സ്വയം മനസ്സിലാക്കിത്തരുന്നു അവർ സന്ദേശം കൊണ്ടുവരുന്നവരാണ്. എന്നെ ആരും തന്നെ അയക്കുന്നില്ല. എന്നെ ഒരിക്കലും സന്ദേശവാഹകനെന്നു പറയില്ല. ഞാൻ വരുന്നതുതന്നെ കുട്ടികൾക്ക് സുഖശാന്തി നൽകാനാണ്. എന്നോട് ആരും തന്നെ പറഞ്ഞിട്ടില്ല, ഞാൻ സ്വയം അധികാരിയാണ്. അധികാരിയെ അംഗീകരിക്കുന്നവർ ഉണ്ടായിരിക്കും, പക്ഷേ അവരോട് നിങ്ങൾ ചോദിക്കണം നിങ്ങൾ അധികാരിയുടെ അർത്ഥത്തെ മനസ്സിലാക്കിയിട്ടുണ്ടോ. ബാബ അധികാരിയാണ്, നമ്മൾ ബാബയുടെ കുട്ടികളാണെങ്കിൽ തീർച്ചയായും ബാബയുടെ സമ്പത്ത് ലഭിക്കണം. കുട്ടികൾ പറയുന്നു - നമ്മുടെ ബാബ. അപ്പോൾ അച്ഛന്റെ ധനത്തിന്റെ അധികാരികളാണ് നിങ്ങൾ. കുട്ടികൾ തന്നെയാണ് പറയുന്നത് - എന്റെ ബാബാ എന്ന്. എന്റെ ബാബയാണെങ്കിൽ ബാബയുടെ സമ്പത്തും എന്റേതാണ്. ഇപ്പോൾ നമ്മൾ എന്താണ് പറയുന്നത്? എന്റെ ശിവബാബയെന്ന്. ബാബയും എന്റെ കുട്ടികളെന്ന് പറയുന്നു. ബാബയിൽ നിന്നും കുട്ടികൾക്ക് സമ്പത്ത് ലഭിക്കുന്നു. അച്ഛന്റെ കൈവശം സമ്പത്ത് ഉണ്ടാവുന്നു. പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. ഭാരതവാസികൾക്കും ആരിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്? ശിവബാബയിൽ നിന്ന്. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്. ശിവജയന്തിക്കു ശേഷമാണ് കൃഷ്ണജയന്തി. പിന്നീട് രാമജയന്തി. മമ്മാ-ബാബയുടെ ജയന്തിയെന്നോ, ജഗദംബയുടെ ജയന്തിയെന്നോ ആരും തന്നെ പാടില്ല. ശിവജയന്തി, പിന്നെ രാധാകൃഷ്ണന്റെ ജയന്തി, പിന്നീടാണ് സീതാരാമന്റെ ജയന്തി.

എപ്പോഴാണോ ശിവബാബ വരുന്നത് അപ്പോൾ ശൂദ്രരാജ്യം നശിക്കും. ഈ രഹസ്യവും ആരും തന്നെ മനസ്സിലാക്കുന്നില്ല. ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ബാബ തീർച്ചയായും വരുന്നുണ്ട്. എന്തിനാണ് ബാബയെ വിളിക്കുന്നത്? ശ്രീകൃഷ്ണപുരി സ്ഥാപിക്കാനായി. നിങ്ങൾക്ക് അറിയാം തീർച്ചയായും ശിവജയന്തി ഉണ്ടാവുക തന്നെ ചെയ്യും. ശിവബാബ ജ്ഞാനം നൽകിക്കൊണ്ടിരിക്കുന്നു. ആദിസനാതനാദേവീ ദേവതാധർമ്മത്തിന്റെ സ്ഥാപന ഉണ്ടാകുന്നുണ്ട്. ശിവജയന്തി ഏറ്റവും വലിയ ജയന്തിയാണ്. പിന്നീടാണ് ബ്രഹ്മാ വിഷ്ണു ശങ്കരൻ. ഇപ്പോൾ പ്രജാപിതാവായ ബ്രഹ്മാവ് മനുഷ്യസൃഷ്ടിയിലാണ്. പിന്നീട് രചനയിൽ മുഖ്യമായും ലക്ഷ്മി-നാരായണനാണ്. അപ്പോൾ ശിവൻ മാതാപിതാവാണ്, പിന്നെ മാതാവായും പിതാവായും ബ്രഹ്മാവും ജഗദംബയും വരുന്നുണ്ട്. ഇത് മനസ്സിലാക്കാനും ധാരണ ചെയ്യാനുമുള്ള കാര്യങ്ങളാണ്. ആദ്യമാദ്യം മനസ്സിലാക്കി കൊടുക്കണം - ബാബ, പരമപിതാവായ പരമാത്മാവ് വന്നിരിക്കുകയാണ് പതിതരെ പാവനമാക്കാനായി. അവർ പേരിൽ നിന്നും രൂപത്തിൽ നിന്നും വേറിട്ടതാണെങ്കിൽ

എങ്ങനെ അവരുടെ ജയന്തി ആഘോഷിക്കും? ഈശ്വരനെ അച്ഛനെന്നു പറയുന്നു. അച്ഛനെ എല്ലാവരും അംഗീകരിക്കുന്നു. ആത്മാവും പരമാത്മാവും നിരാകാരനാണ്. ആത്മാക്കൾക്ക് സാകാരശരീരം ലഭിക്കുന്നു. ഇതെല്ലാം തന്നെ നന്നായി മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ആരെല്ലാമാണോ ശാസ്ത്രങ്ങളൊന്നും തന്നെ പഠിക്കാത്തവർ അവർക്ക് കുറച്ചുകൂടി എളുപ്പമാണ്. ആത്മാക്കളുടെ പിതാവ് പരമപിതാവായ പരമാത്മാവ് സ്വർഗ്ഗത്തിന്റെ സ്ഥാപകനാണ്. സ്വർഗ്ഗത്തിലാണ് രാജധാനി അപ്പോൾ ബാബക്ക് തീർച്ചയായും സംഗമത്തിൽ വരേണ്ടതുണ്ട്. സത്യയുഗത്തിൽ വരാൻ സാധിക്കില്ല. ആ പ്രാപ്തി, 21 ജന്മത്തേക്കുള്ള സമ്പത്ത് സംഗമത്തിലാണ് ലഭിക്കുന്നത്. ഈ സംഗമയുഗം ബ്രാഹ്മണരുടേതാണ്. ബ്രാഹ്മണരാണ് ഏറ്റവും ഉയർന്നത്, പിന്നീട് ദേവതകളുടെ യുഗമാണ്. ഓരോ യുഗവും 1250 വർഷങ്ങളാണ്. ഇപ്പോൾ മൂന്നു ധർമ്മങ്ങളാണ് സ്ഥാപിക്കുന്നത് – ബ്രാഹ്മണൻ, ദേവത, ക്ഷത്രിയർ കാരണം ശേഷം അരക്കല്പം ഒരു ധർമ്മവും ഉണ്ടാവില്ല. സൂര്യവംശികളും ചന്ദ്രവംശികളും പൂജ്യരായിരുന്നു പിന്നീട് പൂജാരിയായിത്തീരുന്നു. മറ്റുള്ള ബ്രാഹ്മണർ പലവിധത്തിൽ ഉണ്ട്.

ഇപ്പോൾ നിങ്ങൾ നല്ല കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു, അതിന്റെ പ്രാപ്തി നിങ്ങൾ സത്യയുഗത്തിൽ അനുഭവിക്കുന്നു. ബാബ നല്ല കർമ്മം ചെയ്യാൻ പഠിപ്പിക്കുന്നു. നിങ്ങൾക്ക് അറിയാം നമ്മൾ ശ്രീമത്ത് അനുസരിച്ച് എന്ത് കർമ്മമാണോ ചെയ്യുന്നത്, മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റുന്നത് അത്രയും അതിന്റെ പ്രാപ്തി ലഭിക്കുന്നു. ഇപ്പോൾ മുഴുവൻ രാജധാനിയും സ്ഥാപിക്കുന്നു. ആദിസനാതന ദേവതാ ധർമ്മത്തിന്റെ രാജധാനിയാണ് ഉണ്ടാകുന്നത്. ഇവിടെ പ്രജകൾ പ്രജകളുടെ മേൽ ഭരിക്കുകയാണ്. പഞ്ചായത്തിരാജ്യമാണ്, അനേകം പ്രതിനിധികളുണ്ട്. അല്ലെങ്കിൽ അഞ്ച് പ്രതിനിധികൾ മാത്രമേ ഉണ്ടാവൂ. ഇവിടെ എല്ലാം തന്നെ പ്രതിനിധികളാണ്. അതും ഇന്നുണ്ട് നാളെയില്ല. ഇന്ന് മന്ത്രിയാകും നാളെ അവരെ താഴെയിറക്കും. എഗ്രിമെന്റ് ഉറപ്പിച്ച് പിന്നെ അതിനെ ലംഘിക്കുന്നു. ഇത് അല്പകാലത്തെ ക്ഷണഭംഗുരമായ രാജ്യമാണ്. ആരെയും താഴേക്കിറക്കാൻ ഒട്ടും മടിക്കില്ല. എത്ര വലിയ ലോകമാണ്. പത്രങ്ങളിലൂടെ വളരെ അറിയാൻ സാധിക്കും. ഇത്രയും പത്രങ്ങളൊന്നും തന്നെ ആർക്കും പഠിക്കാൻ സാധിക്കില്ല. നമുക്ക് ഈ ലോകത്തെ വാർത്തകളുടെ ആവശ്യമില്ല. ഇതറിയാം ദേഹസഹിതം ഈ ലോകത്തെ എല്ലാം തന്നെ നശിക്കാൻ പോവുകയാണെന്ന്. ബാബ പറയുന്നു കേവലം നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ എന്റെയടുത്ത് വന്നുചേരും. മരിച്ചതിനുശേഷം എല്ലാറ്റിന്റെയും സാക്ഷാത്കാരം ഉണ്ടാകുന്നു. ശരീരം ഉപേക്ഷിച്ചതിനുശേഷം ആത്മാവ് അലയുന്നു. ആ സമയത്തും കർമ്മക്കണക്ക് അനുഭവിക്കാൻ സാധിക്കുന്നു. എല്ലാ സാക്ഷാത്കാരങ്ങളും ഉണ്ടാകുന്നു. ഉള്ളിന്റെയുള്ളിൽ തന്നെ സാക്ഷാത്കാരം ലഭിക്കുന്നു, എല്ലാം അനുഭവിക്കുന്നു. അപ്പോൾ വളരെയധികം പശ്ചാത്തപിക്കുന്നു ഞങ്ങൾ ഇത്രയ്ക്കു പാപ കർമ്മം ചെയ്തല്ലോ. ചിലർ ജയിൽ പുള്ളികളായിരിക്കും, അവർ ഇങ്ങനെ മനസ്സിലാക്കുന്നു, ജയിലിൽ കഴിക്കാനെങ്കിലും ലഭിക്കുമല്ലോ. അർത്ഥം അവർക്ക് കഴിക്കുന്നതാണ് പ്രധാനം, ബാക്കി അവരുടെ അഭിമാനം പോയാലും കുഴപ്പമില്ല. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടുമില്ല. ബാബയുണ്ട് ബാബയുടെ ശ്രീമതമനുസരിച്ച് ജീവിക്കണം. ആർക്കും ദുഃഖം നൽകാനും പാടില്ല. ബാബ സുഖദാതാവാണ്. ആജ്ഞാകാരി കുട്ടികൾ പറയുന്നു – ബാബാ അങ്ങ് നിർദ്ദേശം നൽകിയാലും. അങ്ങയുടെ കൂടെ മാത്രം ഇരിക്കും..... എന്നുള്ളത് ശിവബാബയെപ്രതിയുള്ള മഹിമയാണ്. ഭാഗീരഥം അഥവാ നന്ദിഗണവും പ്രശസ്തമാണ്. മാതാക്കളുടെ ശിരസ്സിലാണ് കലശം വെച്ചിരിക്കുന്നത് എന്ന് എഴുതപ്പെട്ടിട്ടുണ്ട്. അവർ പിന്നീട് പശുവിനെ കാണിക്കുന്നുണ്ട്. എന്തെല്ലാം കാര്യങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്.

ഈ ലോകത്തിൽ ആർക്കും തന്നെ സദാ ആരോഗ്യശാലിയായിത്തീരാൻ സാധിക്കില്ല. അനേകപ്രകാരത്തിലുള്ള രോഗമാണ്. അവിടെ ഒരു രോഗവുമില്ല. ദുർമരണങ്ങളും ഉണ്ടാകുന്നില്ല. സമയമായിക്കഴിഞ്ഞാൽ സാക്ഷാത്കാരം ഉണ്ടാകും. വൃദ്ധർക്ക് കൂടുതൽ സന്തോഷമാണ്. വയസ്സായിക്കഴിഞ്ഞാൽ സന്തോഷത്തോടെ ശരീരം ഉപേക്ഷിക്കുന്നു. ഞങ്ങൾ പോയി കുട്ടിയായിത്തീരും എന്ന സാക്ഷാത്കാരം ഉണ്ടാകുന്നു. ഇപ്പോൾ നിങ്ങൾ യുവാക്കൾക്കും ഇത്രക്കും സന്തോഷമാണ് ഞങ്ങൾ ശരീരം ഉപേക്ഷിച്ചാൽ പോയി രാജകുമാരനായിത്തീരുന്നു. കുട്ടികളാണെങ്കിലും യുവാക്കളാണെങ്കിലും എല്ലാവർക്കും മരിക്കണം. അപ്പോൾ എല്ലാവർക്കും ഈ ലഹരിയുണ്ടായിരിക്കണം ഞങ്ങൾപോയി രാജകുമാരനായിത്തീരുമെന്ന്. തീർച്ചയായും സേവനം ചെയ്താൽ മാത്രമേ ആയിത്തീരൂ. സന്തോഷമുണ്ടായിരിക്കണം, ഇപ്പോൾ ഞങ്ങൾ ഈ പഴയ ശരീരത്തെ ഉപേക്ഷിച്ച് ബാബയുടെ അടുത്തേക്ക് പോകുമെന്ന്, ബാബ പിന്നീട് നമ്മെ സ്വർഗ്ഗത്തിലേക്ക് അയക്കും. സേവനം ചെയ്യണം. കുട്ടികൾ പാട്ട് കേട്ടില്ലേ. ഓടക്കുഴലുള്ള കൃഷ്ണനെക്കുറിച്ചല്ല, മുരളി(ഓടക്കുഴൽ) മിക്കവർക്കും ഉണ്ടാകും. വളരെ നന്നായി അത് വായിക്കുന്നവരുണ്ട്. ഇതിൽ മുരളിയുടെ(ഓടക്കുഴൽ) കാര്യമല്ല. നിങ്ങൾ പറയുന്നു ശ്രീമതം നൽകുന്നത് ഒരേയൊരു ബാബയാണ്. ശ്രീകൃഷ്ണനിൽ ഈ ജ്ഞാനം ഉണ്ടായിരുന്നില്ല. ഈ സഹജമായ രാജയോഗവും ജ്ഞാനവും കൃഷ്ണനിൽ ഉണ്ടായിരുന്നി

ല്ല. എത്ര വലിയ കാര്യമാണ്. ഏതുവരെ ബാബയുടെ കുട്ടിയായിത്തീരുന്നില്ലയോ അതുവരെയ്ക്കും മനസ്സിലാക്കാൻ സാധിക്കില്ല. പിന്നീട് ഇതിൽ ശ്രീമത്തിലൂടെ ജീവിക്കുകയും വേണം. തന്റെ മതമനുസരിച്ച് ജീവിച്ചാൽ ഉയർന്ന പദവി ലഭിക്കില്ല. ആരാണോ ബാബയെ അറിയുന്നത് അവർ മറ്റുള്ളവർക്കും ബാബയുടെ പരിചയം നൽകുന്നു. ബാബയുടെയും രചനയുടെയും പരിചയം നൽകണം. ആർക്കെങ്കിലും ബാബയുടെ പരിചയം നൽകിയില്ലെങ്കിൽ അതിനർത്ഥം സ്വയം അറിയില്ല എന്നാണ്. സ്വയത്തിന് ലഹരി വർദ്ധിച്ചു എങ്കിൽ അത് മറ്റുള്ളവർക്കും വർദ്ധിപ്പിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ശ്രീമത്തിലൂടെ സദാ ശ്രേഷ്ഠകർമ്മം ചെയ്യണം. മറ്റുള്ളവരുടെ അഭിപ്രായത്തിന്റെ പ്രഭാവത്തിലേക്ക് വരരുത്. സത്പുത്രരായി ഓരോ ആജ്ഞയെയും പാലിക്കണം. ഏതുകാര്യമാണോ മനസ്സിലാകാത്തത് അത് തീർച്ചയായും ചോദിച്ചറിയണം.

2) സദാ ഈ ലഹരി അഥവാ സന്തോഷത്തിലിരിക്കണം നമ്മൾ ഈ പഴയ ശരീരം ഉപേക്ഷിച്ച് രാജകുമാരനായിത്തീരും. ലഹരിയോടെ ഈശ്വരീയ സേവനം ചെയ്യണം.

## വരദാനം:- നിന്ദകനെ പോലും തന്റെ മിത്രമാണെന്ന് മനസ്സിലാക്കി ബഹുമാനം നൽകുന്ന ബ്രഹ്മാ ബാബയ്ക്ക് സമാനം മാസ്റ്റർ രജയിതാവായി ഭവിക്കൂ

ഏതു പോലെയാണോ ബ്രഹ്മാബാബ സ്വയത്തെ വിശ്വ സേവാധാരിയാണെന്ന് മനസ്സിലാക്കി ഓരോരുത്തർക്കും ബഹുമാനം നൽകിയത്, സദാ ജി ഹാജർ പറഞ്ഞു. ആരെങ്കിലും ബഹുമാനം നൽകിയാൽ ഞാനും നൽകാം ഇങ്ങനെ ഒരിക്കലും ചിന്തിച്ചില്ല. നിന്ദകനെ പോലും മിത്രമാണെന്ന് മനസ്സിലാക്കി ബഹുമാനം നൽകി, ഇതുപോലെ ഫോളോ ഫാദർ ചെയ്യൂ. കേവലം ബഹുമാനം നൽകുന്നവരെ മാത്രം തന്റേതെന്ന് മനസ്സിലാക്കിയാൽ പോരാ ഗ്ലാനി ചെയ്യുന്നവരേയും തന്റേതെന്ന് മനസ്സിലാക്കി ബഹുമാനം നൽകൂ എന്തുകൊണ്ടെന്നാൽ മുഴുവൻ ലോകവും താങ്കളുടെ പരിവാരമാണ്. സർവ്വ ആത്മാക്കളുടെയും തായ് തടി താങ്കൾ ബ്രാഹ്മണരാണ് അതുകൊണ്ട് സ്വയം മാസ്റ്റർ രജയിതാവാണെന്ന് മനസ്സിലാക്കി എല്ലാവർക്കും ബഹുമാനം നൽകൂ അപ്പോൾ ദേവതയാകും.

## സ്ലോഗൻ:- മായക്ക് സദാ കാലത്തേക്ക് വിടനൽകുന്നവർ തന്നെയാണ് ബാബയുടെ ആശംസകൾക്ക് പാത്രമാകുന്നത്.